**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2918 17.10.2016 - ൽ മറുപടിയ്ക്ക്

## ആശ്വാസകിരണം പദ്ധതി

ചോദ്യം
ശ്രീ.സി.മമ്മൂട്ടി

ഉത്തരം
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

<table>
<tr><td>(എ)</td><td>ആശ്വാസകിരണം പദ്ധതി ആരംഭിച്ചത് എന്നാണെന്നും ഇതിന്റെ ഗുണഭോക്താക്കൾ ഏതു വിഭാഗത്തിൽപ്പെടുന്ന വരാണെന്നും വ്യക്തമാക്കുമോ;</td><td>(എ)</td><td>2010-ലാണ് ആശ്വാസകിരണം പദ്ധതി ആരംഭിച്ചത്. ഗുരുതര രോഗങ്ങളാൽ ശയ്യാവലംബരായവർ, ബുദ്ധിപരവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, 100% അന്ധർ തുടങ്ങിയ വിഭാഗത്തിൽപ്പെടുന്നവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. മേൽപ്പറഞ്ഞ അവശതയുള്ളവരെ പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകി വരുന്നു.</td></tr>
<tr><td>(ബി)</td><td>ഈ പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസി ഏതാണ്; പദ്ധതി ആരംഭിച്ചശേഷം ഓരോ വർഷവും പദ്ധതിക്ക് നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും വ്യക്തമാക്കുമോ;</td><td>(ബി)</td><td>കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് ഈ പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസി.
<table>
<tr><th>വർഷം</th><th>ബഡ്ജറ്റ് വിഹിതം</th><th>അനുവദിച്ച തുക</th><th>ചെലവഴിച്ച തുക</th><th>ഗുണഭോക്താക്കളുടെ എണ്ണം</th></tr>
<tr><td>2010-11</td><td>4.61 കോടി</td><td>4.61 കോടി</td><td>43,84,900/-</td><td>386</td></tr>
<tr><td>2011-12</td><td>9 കോടി</td><td>9 കോടി</td><td>8,03,96,864/-</td><td>16048</td></tr>
<tr><td>2012-13</td><td>15 കോടി</td><td>15 കോടി</td><td>23,10,05,545/-</td><td>38743</td></tr>
<tr><td>2013-14</td><td>20 കോടി</td><td>20 കോടി</td><td>37,61,47,384</td><td>57570</td></tr>
<tr><td>2014-15</td><td>23 കോടി</td><td>23 കോടി</td><td>46,45,41,000/-</td><td>64570</td></tr>
<tr><td>2015-16</td><td>45 കോടി</td><td>45 കോടി</td><td>45,08,33,000/-</td><td>73570</td></tr>
</table></td></tr>
</table>

<table>
<tr><td></td><td></td><td></td><td><table><tr><td>ആകെ</td><td>116.61 കോടി</td><td>116.61 കോടി</td><td>160.73 കോടി</td><td>250887</td></tr></table></td></tr>
<tr><td>(സി)</td><td>പദ്ധതി ആരംഭിക്കുമ്പോൾ ഒരു ഗുണഭോക്താവിന് നൽകിയിരുന്ന സഹായ ധനം എത്രയായിരുന്നു എന്നും ഇത് വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നതും സംബന്ധിച്ച വിശദവിവരം നൽകുമോ;</td><td>(സി)</td><td>പദ്ധതി ആരംഭിക്കുമ്പോൾ ഒരു ഗുണഭോക്താവിന് നൽകിയിരുന്ന ധനസഹായം 250/- രൂപ ആയിരുന്നു. നിലവിൽ 525/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നു. ഈ ധനസഹായം 600/- രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>2013-14 മുതൽ ഓരോ വർഷവും അപേക്ഷിച്ചവരുടെ എണ്ണം, ധനസഹായം ലഭിച്ചവരുടെ എണ്ണം, ഏതു വർഷംവരെ ധനസഹായം നല്കി, കുടിശ്ശിക എത്ര, ഇത് എന്നു വിതരണം ചെയ്യും എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?</td><td>(ഡി)</td><td>വിവരം ശേഖരിച്ചു വരുന്നു.</td></tr>
</table>

**സെക്ഷൻ ഓഫീസർ**